LIBRARY ARCHIVES Kerala Legislative Assembly

ഇ. കെ. നായനാർ സ്മാരക ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുതിയ കെട്ടിട നിർമ്മാണം

211 (1939) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇ. കെ. നായനാർ സ്മാരക ഗവണ്മെന്റ് പോളിടെക്നിക്കിന്റെ പുതിയ കെട്ടിട നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ഈ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് 210 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 17-11-2009-ൽ 180 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി ശ്രീ. മുഹമ്മദ് കുഞ്ഞ് എന്ന കരാറുകാരന് 30% അധിക നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ കരാർ നൽകുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഫൗണ്ടേഷൻ പണി ആരംഭിച്ചെങ്കിലും മണ്ണിന്റെ ഭാരവാഹനശേഷി വളരെ കുറഞ്ഞതായാലും കൂടാതെ എൻ. എച്ച്-17 ന്റെ വികസനം വരുമ്പോൾ ഈ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്തുകൂടി കടന്നു പോകുന്നതിനാലും പ്ളാനിൽ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. പുതിയ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ പുനരാരംഭിക്കുവാനും കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം ജില്ലയിലെ പി.ഡബ്ലു.ഡി. പ്രവൃത്തികൾ

212 (1940) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മലപ്പുറം ജില്ലയിൽ പി.ഡബ്ല്യു.ഡി. വകുപ്പു മുഖേന എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ ഓരോ മണ്ഡലത്തിനും എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 30137.05 ലക്ഷം രൂപയുടെയും കെട്ടിട വിഭാഗത്തിൽ 5190 ലക്ഷം രൂപയുടെയും ദേശീയപാതാ വിഭാഗത്തിൽ 1415 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾക്കും 5177 ലക്ഷം രൂപയുടെ മേജർ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

ടെണ്ടർ നടപടികൾ

213 (1941) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്ന പ്രവൃത്തിക്ക് ടെണ്ടർ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയ്ക്കുള്ള ടെണ്ടറാണ് നൽകിയിട്ടുള്ളത് ; ആർക്കാണ് ടെണ്ടർ നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ നിർമ്മാണ പ്രവൃത്തി 1,85,48,844 രൂപയ്ക്ക് കെ. അബ്ദു എന്ന കരാറുകാരന് 25% അധിക തുകയിൽ ടെണ്ടർ നൽകിയിട്ടുണ്ട്.

(ബി&സി) ഫയർ സ്റ്റേഷന്റെ നിർദ്ദിഷ്ട സൈറ്റ് റയിൽവേട്രാക്കിന് അടുത്തായതിനാൽ റെയിൽവേ അധികൃതരുടെ എൻ. ഒ. സി. ആവശ്യമായതിലാണ് പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിട്ടത്. റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ട് കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകൽപ്പനയും സ്ട്രക്ച്ചറൽ ഡിസൈനും ഔട്ട്സോഴ്സ് ചെയ്ത നടപടി

214 (1942) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതൊക്കെ സർക്കാർ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകൽപ്പനയും സ്ട്രക്ച്ചറൽ ഡിസൈനും ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ട് ; എത്ര തുക ഇതിനായി നൽകിയിട്ടുണ്ട്. ; ഇനി എത്ര തുക ഇതിനായി ബാക്കി നൽകാനുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കെട്ടിടങ്ങളുടെ രൂപകൽപ്പന ഔട്ട്സോഴ്സ് ചെയ്യുന്നതിന് ചീഫ് ആർക്കിടെക്റ്റ് അനുമതി നൽകിയിട്ടുണ്ട് ; ഇതിനായി എത്ര സംഖ്യ നൽകിയിട്ടുണ്ട് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly